(സി) പമ്പ-അച്ചൻകോവിൽ-വൈപ്പാർ പദ്ധതിയുടെ പ്രാഥമിക പഠനത്തെ ആസ്പദമാക്കി സർവേയും ഇൻവെസ്റ്റിഗേഷനെയും എൻ.ഡബ്ല്യു.ഡി.എ. 1991-ൽ ആരംഭിക്കുകയും ഫീസിബിലിറ്റി റിപ്പോർട്ട് 1995-ൽ പൂർത്തീകരിക്കുകയും ചെയ്തു. സംസ്ഥാന സർക്കാരിന്റെ പ്രതിനിധികളാരേയും പഠന സംഘത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല.

(ഡി) ഉണ്ട്. നാഷണൽ വാട്ടർ ഡവലപ്മെന്റ് ഏജൻസി തയ്യാറാക്കിയ പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി സംബന്ധിച്ച ഫീസിബിലിറ്റി റിപ്പോർട്ടനുസരിച്ച് കേരളത്തിലെ പമ്പാ-അച്ചൻകോവിൽ നദികളിലെ അധിക ജലമായ 3170 മില്യൻ ക്യൂബിക് മീറ്ററിന്റെ ഇരുപതുശതമാനമായ 634 മില്യൻ ക്യൂബിക് മീറ്റർ ജലം തമിഴ്നാട്ടിലെ ജലദൗർലഭ്യമനുഭവപ്പെടുന്ന വൈപ്പാർ ബെയിസിനിലേക്ക് തിരിച്ചുവിടാൻ വിഭാവന ചെയ്തിട്ടുള്ളതാണ്.

(ഇ) 26-03-2003-ൽ കൂടിയ ദേശീയജല വികസന ഏജൻസിയുടെ വാർഷിക പൊതുയോഗത്തിൽ നദീസംയോജനത്തിന് തെക്കേ ഇൻഡ്യയിൽ നിന്നു പരിഗണിക്കുന്ന പദ്ധതികളിലൊന്നായി പമ്പാ-അച്ചൻകോവിൽ-വൈപ്പാർ ലിങ്കിനെ ഉൾപ്പെടുത്തിയിരിക്കുന്നതിനെക്കുറിച്ച് കേരളം വിയോജിപ്പും പ്രതിഷേധവും പ്രകടിപ്പിക്കുകയുണ്ടായി. എൻ.ഡബ്ല്യു.ഡി.എ.-യുടെ റിപ്പോർട്ട് കേരള പ്രതിനിധികളുടെ പങ്കാളിത്തം കൂടാതെയുള്ളതിനാലും റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം രണ്ടു ദശാബ്ദത്തോളം കഴിഞ്ഞതിനാലും അതിലെ നിഗമനങ്ങൾ സ്വീകാര്യമല്ല എന്ന കേരളത്തിന്റെ നിലപാട് കണക്കിലെടുത്ത് എൻ.ഡബ്ല്യു.ഡി.എ.-യും കേരളവും കൂടി സംയുക്തമായി വെള്ളത്തിന്റെ ലഭ്യതയെക്കുറിച്ച് ഒരു പഠനം നടത്തണമെന്ന് തീരുമാനിക്കുകയുണ്ടായി. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്രട്ടേറിയറ്റിലെ പരാതി പരിഹാര സെല്ലിന്റെ പ്രവർത്തനം

12 (*660) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജനങ്ങളുടെ പരാതി പരിഹാരത്തിനായി സർക്കാർ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ബി) ഇതുമായി ബന്ധപ്പെട്ട സെക്രട്ടേറിയറ്റിലെ പരാതി പരിഹാര സെല്ലിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇവിടെ ലഭിക്കുന്ന പരാതികൾ എത്ര ദിവസത്തിനകം തീർപ്പു കൽപ്പിക്കപ്പെടുന്നു എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവിടെ ഇപ്പോൾ എത്ര പരാതികൾ കെട്ടിക്കിടപ്പുണ്ട് എന്നും ഇവ എപ്പോൾ തീർപ്പു കൽപ്പിക്കും എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ പ്രസ്തുത സംവിധാനം വിപുലമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി)

(എ) പൊതുജനങ്ങളിൽ നിന്നുള്ള പരാതികൾ യഥാസമയം പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട എല്ലാ അധികാരികൾക്കും ഉദ്യോഗസ്ഥന്മാർക്കും ഗവൺമെന്റ് കാലാകാലങ്ങളിൽ കർശനമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ വേണ്ടി മുഖ്യമന്ത്രിയുടെ ഒരു പൊതുജന പരാതി പരിഹാരസെൽ സെക്രട്ടേറിയറ്റിൽ 20-05-2000 മുതൽ പ്രവർത്തിച്ചുവരുന്നു.

(ബി) മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാരസെല്ലിനെ സംബന്ധിച്ച പ്രതിവാര പ്രവർത്തന റിപ്പോർട്ട് മുഖ്യമന്ത്രി തലത്തിൽ അവലോകനം ചെയ്യുന്ന സംവിധാനം നിലവിലുണ്ട്. ഈ സെല്ലിന്റെ പ്രവർത്തനം പൊതുവേ തൃപ്തികരമാണെന്നാണ് കണ്ടിട്ടുള്ളത്.

(സി) സെല്ലിൽ ലഭിക്കുന്ന പരാതികൾ, ഒരാഴ്ചയ്ക്കുള്ളിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശത്തോടുകൂടിയാണ് ബന്ധപ്പെട്ട അധികാരികൾക്ക് അയച്ചുകൊടുക്കുന്നത്. ഓരോ പരാതിയുടെയും സ്വഭാവം അനുസരിച്ചാണ് അവയിൽ അന്തിമ തീർപ്പ് വേഗത്തിലാക്കാൻ കഴിയുന്നുണ്ട്.

(ഡി) ഈ സെല്ലിൽ ലഭിച്ചിട്ടുള്ള എല്ലാ പരാതികളും നടപടികൾക്കായി ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. പരാതികളിന്മേൽ ബന്ധപ്പെട്ട അധികാരികളാണ് തീർപ്പുകൽപ്പിക്കുന്നത്. പരാതികളിൻമേലുള്ള നടപടികൾ കഴിയുന്നത്ര വേഗത്തിലാക്കാനുള്ള നടപടികളാണ് സെൽ കൈക്കൊണ്ടു വരുന്നത്.

(ഇ) സെല്ലിന്റെ സേവനം മെച്ചപ്പെടുത്തുന്നതിനായി ആധുനിക സൗകര്യങ്ങളായ ഇന്റർനെറ്റ്, ഇ-മെയിൽ, ഫാക്സ് തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് സെല്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സഹായിച്ചിട്ടുണ്ട്.

തീരപഥം പദ്ധതി

13 (*661) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. എ. കെ. മണി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരപഥം പദ്ധതി നടപ്പാക്കുന്നതിന് ഏതെങ്കിലും കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെയാണ് ;

(ബി) പ്രസ്തുത കൺസൾട്ടന്റിന്റെ സേവന-വേതന വ്യവസ്ഥകൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly